STANDARD X BIOLOGY

NOTES BASED ON ONLINE CLASS 12-10-2020

മറ്റ് ചില ബാക്ടീരിയ രോഗങ്ങൾ

ഡിഫ്തീരിയ(തൊണ്ടമുള്ള് )

**രോഗകാരി** : കോറിനി ബാക്ടീരിയം ഡിഫ്തീരിയേ (Coryne bacterium diphtheriae)

**പകരുന്ന വിധം** :

- രോഗി ചുമയ്ക്കുമ്പോഴോ തുമ്മുമ്പോഴോ വായുവിലേക്ക് വ്യാപിക്കുന്ന ചെറുകണികകൾ വഴി
- രോഗി ഉപയോഗിച്ച തുവാല മറ്റ് ഉപകരണങ്ങൾ എന്നിവ വഴി.

**ബാധിക്കുന്ന ശരീര ഭാഗങ്ങൾ** :

- മൂക്ക്, തൊണ്ട എന്നിവിടങ്ങളിലെ ശ്ലേഷ്മസ്തരം.

**രോഗാണുവിന്റെ പ്രവർത്തനം** :

- ഇവ ഉൽപ്പാദിപ്പിക്കുന്ന ടോക്സിനുകൾ പനി,തൊണ്ടവേദന, കഴുത്തിലെ ലിംഫ് ഗ്രന്ഥികളിൽ വീക്കം എന്നിവ ഉണ്ടാക്കുന്നു.
- ടോക്സിനുകളാൽ നശിപ്പിക്കപ്പെട്ട ശ്ലേഷ്മാവരണത്തിലെ കോശങ്ങൾ രണ്ടോ മൂന്നോ ദിവസങ്ങൾക്കകം കട്ടിയുള്ള ചാരനിറത്തിലുള്ള ഒരാവരണം തൊണ്ടയിൽ ഉണ്ടാക്കുന്നു.
  (ക്രമേണ മസ്തിഷ്കം, ഹൃദയം,വൃക്ക എന്നിവ തകരാറിലാകുന്നു.)

**ചികിത്സ** :

- ടോക്സിനുകൾക്കെതിരെ ഉപയോഗിക്കുന്ന ആന്റിടോക്സിനുകൾ രോഗബാധയേൽക്കാത്ത കോശങ്ങളെ സംരക്ഷിക്കാൻ ഉപയോഗിക്കുന്നു.
- എന്നാൽ രോഗം മൂർച്ഛിച്ച അവസ്ഥയിൽ മരുന്നുപയോഗിച്ച് രോഗിയെ രക്ഷിക്കാനാവില്ല.

**പ്രതിരോധ മാർഗ്ഗം** :

- DPT വാക്സിൻ

(ഇന്ന് പെന്റാവാലന്റ് വാക്സിൻ ഉപയോഗിക്കുന്നു)

<u>ക്ഷയം</u>

- മനുഷ്യ ചരിത്രത്തിലെ ഏറ്റവും പഴക്കം ചെന്ന രോഗം

**രോഗകാരി** : മൈക്കോ ബാക്ടിരിയം ട്യൂബർകുലോസിസ്(Myco bacterium tuberculosis)

**മുഖ്യലക്ഷണങ്ങൾ** :

- ശരീരത്തിന് ഭാരക്കുറവ് അനുഭവപ്പെടുക
- ക്ഷീണം, സ്ഥിരമായ ചുമ.

**രോഗപ്പകർച്ച** :

- രോഗി ചുമയ്ക്കുമ്പോഴോ, തുമ്മുമ്പോഴോ, സംസാരിക്കുമ്പോഴോ രോഗാണുക്കൾ വായുവിലേക്കും മറ്റുള്ളവരിലേക്കും വ്യാപിക്കും.

**രോഗം ബാധിക്കുന്ന ശരീര ഭാഗങ്ങൾ** :

- ശ്വാസകോശത്തെയാണ് മുഖ്യമായും ക്ഷയരോഗം ബാധിക്കുക.

- എന്നാൽ വൃക്കകൾ, അസ്ഥികൾ, അസ്ഥിസന്ധികൾ, തലച്ചോറ് എന്നിവയെയും ഈ രോഗം ബാധിക്കാറുണ്ട്.


**ചികിത്സ :**

- ആന്റിബയോട്ടിക്കുകൾ ഉപയോഗിച്ചുള്ള ചികിത്സ.

**വാക്സിൻ :**

- ക്ഷയരോഗബാധയെ തടയുന്നതിന് ഉപയോഗിക്കുന്ന പ്രതിരോധ വാക്സിനാണ് ബി.സി.ജി.
- ഒരു വയസ്സുവരെയുള്ള കുട്ടികൾക്കും ക്ഷയരോഗ സാധ്യതയുള്ള മുതിർന്ന കുട്ടികൾക്കുമാണ് വാക്സിൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.
- ലോകാരോഗ്യ സംഘടന ക്ഷയരോഗത്തിന് ശുപാർശ ചെയ്യുന്ന ചികിത്സാ സംവിധാനമാണ് Directly Observed Treatment Short course (DOTS).
- ഈ ചികിത്സാരീതിയിൽ ആന്റിബയോട്ടിക്കുകൾ പതിവായി ഉപയോഗിക്കുന്നതിലൂടെ രോഗത്തിൽനിന്ന് പൂർണ്ണമായും മുക്തി നേടാം.
- ക്ഷയരോഗ നിയന്ത്രണത്തിന് ഭാരതത്തിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനമാണ് ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടി .
- ഇതിന്റെ ഭാഗമായി മാർച്ച് 24 ന് ലോക ക്ഷയരോഗ ദിനമായി ആഘോഷിക്കുന്നു.

**വൈറസ് :**



- പ്രോട്ടീൻ ആവരണത്തി നുള്ളിൽ ഡി.എൻ.എ അല്ലെങ്കിൽ ആർ.എൻ.എ തന്മാത്രകളെ ഉൾക്കൊള്ളുന്ന ലഘുഘടനയാണ് വൈറസിനുള്ളത്.
- സാധാരണ ജീവകോശങ്ങളിലുള്ള കോശാംഗങ്ങൾ വൈറസുകളിലില്ല.
- ആതിഥേയകോശങ്ങളുടെ ജനിതകസംവിധാനത്തെ ഉപയോഗപ്പെടുത്തിയാണ് വൈറസുകൾ പെരുകുന്നത്.

<u>പ്രവർത്തനം</u>

- മറ്റ് ബാക്ടീരിയ രോഗങ്ങളെ കുറിച്ച് വിവരശേഖരണം നടത്തി പട്ടികയായി രേഖപ്പെടുത്തുക.